പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5844 27.10.2011-ൽ മറുപടിയ്ക്ക്

## മൃഗസംരക്ഷണ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ

**ചോദ്യം**

ശ്രീ. എം.വി.ശ്രേയാംസ് കുമാർ :

**ഉത്തരം**

ശ്രീ.കെ.പി.മോഹനൻ

(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും) വകുപ്പ് മന്ത്രി

(എ) മൃഗസംരക്ഷണമേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(എ) മൃഗസംരക്ഷണമേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പല പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

1) പുതിയ സംരംഭകരെ ഈ മേഖലയിൽ ആകർഷിക്കുന്നതിനും അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നിക്ഷേപസംരംഭകരുടെ കൂട്ടായ്മ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നടപ്പിലാക്കി വരുന്നു.

2) നാനൂറ് കർഷകരുടെ ഫാമുകൾ യന്ത്രവൽക്കരിച്ച് അവയുടെ കാര്യക്ഷമതയും ലാഭവും വർദ്ധിപ്പിക്കുന്നതിനും ധനസഹായം നൽകി വരുന്നു.

3) താറാവ് നഴ്സറികൾ ആരംഭിക്കുന്നതിന് ധനസഹായം നൽകി തൊഴിലവസരങ്ങൾ സൃഷ്ടിച്ചു വരുന്നു. ആടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 300 കർഷകർക്ക് 5 ആടുകൾ വീതം വളർത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു.

4) പന്നി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 60 സാറ്റലൈറ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് തുടക്കം കുറിച്ചു.

5) വനിതകൾക്ക് ഒരു പശു രണ്ട് ആട് വീതം വളർത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലൂടെ 400 വനിതകൾക്ക് ഈ പദ്ധതിയുടെ സഹായം ലഭ്യമാകും.

6) മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങളിലൂടെയും മൃഗസംരക്ഷണ വകുപ്പിലൂടെയും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പല മേഖലകളിൽ പരിശീലനങ്ങൾ ആവിഷ്ക്കരിച്ച് സൗജന്യമായി നൽകി വരുന്നു. യുവജനങ്ങൾക്കും സ്ത്രീകൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും ഈ പരിശീലനങ്ങളിലൂടെ കൂടുതൽ സഹായവും അറിവും പകരുന്നതിന് സാധിക്കും.

7) നബാർഡ് മുഖേന കേന്ദ്ര സർക്കാർ കന്നുകാലി, ആട്, പന്നി, പോത്തിൻകുട്ടി, മുയൽ, കോഴി എന്നിവ വളർത്തുന്നതിന് ബാങ്ക് വായ്പയിലൂടെ ധനസഹായം നൽകി തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവരുന്നു.

8) കേന്ദ്ര സഹായത്തോടുകൂടി കേന്ദ്രത്തിന്റെ ഒറ്റത്തവണ ധനസഹായ പദ്ധതിയിൽ 3996 കർഷകർക്ക് യൂണിറ്റൊന്നിന് ഒരു ഗർഭിണി കിടാരി, രണ്ട് ആട്, പത്ത് കോഴി എന്ന തോതിൽ വാങ്ങുന്നതിനും പുൽകൃഷി, തൊഴുത്ത് എന്നിവ മെച്ചപ്പെടുത്തുന്നതിനും ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത മേഖലയിൽ കേന്ദ്ര സഹായം പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത മേഖലയിൽ കേന്ദ്ര സഹായം ലഭിക്കുന്നത് കേന്ദ്രാവിഷ്കൃത തുടർ പദ്ധതികൾക്കാണ്. കേന്ദ്രത്തിന്റെ പദ്ധതികൾ പലതും പരോക്ഷമായി കർഷകർക്ക് പ്രയോജനം നൽകുന്നതും കൂടുതലും മൃഗാരോഗ്യസേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനും രോഗനിയന്ത്രണ പരിപാടികൾക്കുമാണ് ലഭിക്കുന്നത്. എന്നാൽ നബാർഡ് മുഖേന കേന്ദ്ര സർക്കാർ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പല പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. കന്നുകാലി വളർത്തൽ, പന്നി വളർത്തൽ, ആടു വളർത്തൽ, മുയൽ വളർത്തൽ, കോഴി വളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും ബാങ്ക് വായ്പകൾ നൽകി അതിലൂടെ ധനസഹായം നൽകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

(സി) മൃഗസംരക്ഷണമേഖലയ്ക്കുള്ള 2011-12 വർഷത്തെ പദ്ധതി വിഹിതം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(സി) മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതി വിഹിതം 2011-12 - ൽ 93.25 കോടി രൂപയായിരുന്നു. എന്നാൽ ഈ തുക 114.35 കോടിയായി പുതുക്കുകയും ഇതിലൂടെ 45 പദ്ധതികൾ നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ഭരണാനുമതി വാങ്ങുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾ സംഘടിപ്പിക്കുകയും ഭരണാനുമതി ലഭ്യമാക്കിയും വരുന്നു. കേന്ദ്ര പദ്ധതികൾക്ക് ധനസഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ